LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2015 ജൂലൈ 15, ബുധൻ*



നിയമസഭ 2015 ജൂലൈ മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ :

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ * 361

### മെഡിക്കൽ കോളേജ് പ്രവേശനം

1 (*361) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ -സ്വാശ്രയ മേഖലകളിലെ മെഡിക്കൽ കോളജുകളിൽ ഈ വർഷം എത്ര പേർക്ക് പ്രവേശനം നൽകുവാനാണ് തീരുമാനിച്ചിരുന്നതെന്ന് പറയാമോ;

(ബി) പുതുതായി പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സ്വാശ്രയ മേഖലയിൽ മെരിറ്റിൽ പ്രവേശനം നടത്തേണ്ട 550 സീറ്റുകളിലും പ്രവേശനത്തിന് മെഡിക്കൽ കൗൺസിലിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സീറ്റുകൾ നഷ്ടപ്പെടാതെ പ്രവേശനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ,

(എ) 2015-ലെ പ്രോസ്പെക്ടസ് പ്രകാരം സർക്കാർ മേഖലയിൽ 1250 സീറ്റുകളും സ്വാശ്രയ മേഖലയിൽ 1700 സീറ്റുകളിലും പ്രവേശനം നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രി, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിക്കുന്നതിനായി വേണ്ട അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും മറ്റും ഒരുക്കുകയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ പരിശോധന പൂർത്തിയായി അനുമതിപത്രം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുന്നതാണ്.

(സി) ഈ വർഷം 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 850 സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തുടർ പരിശോധന നടത്തി അംഗീകാരം നൽകിയിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മേൽ സ്വാശ്രയ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് നടത്തുവാൻ കഴിയുന്നതാണ്.

(ഡി) സർക്കാർ മേഖലയിലെ എല്ലാ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിൽ എം.ബി.ബി.എസ്. സീറ്റുകൾ ഒന്നുംതന്നെ നഷ്ടപ്പെട്ടിട്ടില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, സർക്കാർ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടുകയും ചെയ്യുമെന്നുള്ളതാണ് ബഹുമാന്യനായ മന്ത്രി മറുപടിയിൽ പറഞ്ഞത് കേരളത്തിൽ 6 പുതിയ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ച് അവ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ കേരളത്തിൽ പുതിയ 6 മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിലെ 4 ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് 5 പോസ്റ്റുകൾ വീതം മാത്രമാണ് പി.എസ്.സി. ഇതുവരെയായി നോട്ടിഫൈ ചെയ്തിട്ടുള്ളത്. ഫസ്റ്റ് ഇയർ എം.ബി.ബി.എസ്.-ന് അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ ഡിപ്പാർട്ടുമെന്റുകളിൽ ഒരെണ്ണത്തിന് പ്രൊഫസർ മുതൽ 10 പോസ്റ്റ് വീതം വേണം. അതിൽ എൻട്രി കേഡർ 8 വീതം വേണം. അങ്ങനെ വന്നാൽ യഥാർത്ഥത്തിൽ 6 മെഡിക്കൽ കോളേജുകളിലേയ്ക്ക് 180 പോസ്റ്റുകൾക്കാണ് നോട്ടിഫിക്കേഷൻ ചെയ്യേണ്ടത്. 4 ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് 5 എണ്ണം വച്ച് 20 പോസ്റ്റ് മാത്രമാണ് വിളിച്ചിരിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ വർഷം പ്രവേശനം നടത്താൻ എം.സി.ഐ. അനുവദിക്കുന്നില്ല എന്നുള്ള വാർത്ത വന്നിരിക്കുകയാണ്. നിലവിലുള്ള കോളേജുകളിലുള്ള പ്രൊഫസർമാരെ പുതിയ കോളേജുകളിലേയ്ക്ക് മാറ്റുകയാണ്. അങ്ങനെ വരുമ്പോൾ കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ നിലവാര തകർച്ചയാണ് സംഭവിക്കാൻ പോകുന്നത്; വലിയൊരു ക്രൈസിസ് വരാൻ പോകുകയാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നില്ല. ഇവിടെ പ്രഖ്യാപനങ്ങൾ മാത്രമാണ് നടത്തുന്നത്. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾമൂലം കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസം നേരിടാൻ പോകുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ബഹുമാന്യനായ മെമ്പർ ഇവിടെ സൂചിപ്പിച്ചത് തികച്ചും അടിസ്ഥാന രഹിതമാണ്. കേരളത്തിൽ നേരത്തേ 5 മെഡിക്കൽ കോളേജു കളുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊച്ചി മെഡിക്കൽ കോളേജ് ഏറ്റെടുത്തതുൾപ്പെടെ 4 പുതിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനംകൂടി ആരംഭിച്ചിട്ടുണ്ട്. 1471 പോസ്റ്റുകൾ മെഡിക്കൽ കോളേജുകളിൽ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അതൊരു ചരിത്രസംഭവമാണ്. 1471 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുള്ളതിൽ 460 ഡോക്ടർമാരാണ്. പോസ്റ്റുകൾ ആവശ്യത്തിന് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അതുപോലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നുപറഞ്ഞാൽ, കേരളത്തിൽ പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജുകളുൾപ്പെടെ 9 മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിച്ചു. സ്വാശ്രയ കോളേജുകൾക്കാണ് അംഗീകാരം ലഭിക്കാത്തത്. ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതുകൊണ്ടാണ് ഓരോ വർഷവും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തി അംഗീകാരം നൽകുന്നത്. 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കാണ് ഈവർഷം അംഗീകാരം ലഭ്യമാകാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ 1250 സീറ്റിലും ഈ വർഷം അഡ്മിഷൻ നടത്തുന്നതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും ആയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അതിന് അംഗീകാരം നൽകിയിട്ടുണ്ട്. 1471 പോസ്റ്റുകളാണ് ഇതിനുവേണ്ടി ക്രിയേറ്റ് ചെയ്തത്. പുതുതായി പ്രഖ്യാപിച്ച തിരുവനന്തപുരം ജനറൽ മെഡിക്കൽ കോളേജ് തുടങ്ങാൻ പോകുകയാണ്. അതിനായി 108 പോസ്റ്റുകളും കോന്നി മെഡിക്കൽ കോളേജിന് 108 പോസ്റ്റുകളും ക്രിയേറ്റ് ചെയ്തു. എറണാകുളം മെഡിക്കൽ കോളേജിനെ ഗവൺമെന്റ് ഏറ്റെടുത്ത് 350 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഇടുക്കിയിൽ 89 പോസ്റ്റുകളും മഞ്ചേരി മെഡിക്കൽ കോളേജിൽ 311 പോസ്റ്റുകളും ക്രിയേറ്റ് ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളജിൽ പുതിയ ബ്ലോക്ക് പണിതതിന്റെ ഭാഗമായി 225 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ബഹുമാനപ്പെട്ട മെമ്പർക്ക് ഇതിനെക്കുറിച്ച് അറിവില്ലാത്തതുകൊണ്ട് പറഞ്ഞതാണ്. ഞാൻ പറഞ്ഞതാണ് അതിന്റെ നിജസ്ഥിതി.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, ഇവിടെ ബഹുമാന്യനായ മന്ത്രി പോസ്റ്റ് ക്രിയേറ്റ് ചെയ്ത കാര്യം പറഞ്ഞു. പോസ്റ്റ് ക്രിയേഷൻ മന്ത്രിസഭ തീരുമാനിച്ചതുകൊണ്ട് കാര്യമില്ല. അതിന് നടപടിയുണ്ടാകണം. കേരളത്തിൽ കൊച്ചി മെഡിക്കൽ കോളേജ് ഈ സർക്കാർ ഏറ്റെടുത്തു. കൊച്ചി മെഡിക്കൽ കോളേജ് ഏറ്റെടുക്കേണ്ടതില്ലായിരുന്നു വെന്നാണ് എന്റെ അഭിപ്രായമെന്ന് ബഹുമാന്യനായ ഡൊമിനിക് പ്രസന്റേഷൻ ഇന്നലെ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് വലിയ പ്രഖ്യാപനം നടത്തി. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമോ ഇല്ലയോ എന്നുള്ള കാര്യം അനിശ്ചിതത്വമായി നീണ്ടുപോകുകയാണ്. യഥാർത്ഥത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഒരുറപ്പ് ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയുമോ; പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അവിടെ അലോട്ട്മെന്റ് നടത്തി പോസ്റ്റുകളിൽ ആളുകളെ നിയമിച്ചുകഴിഞ്ഞു. എങ്കിൽ മാത്രമേ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാകുകയുള്ളൂ. അതോടൊപ്പം അദ്ദേഹം ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം കൊച്ചി മെഡിക്കൽ കോളേജിനെക്കുറിച്ചാണ്. കൊച്ചി മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു, 872 സ്റ്റാഫുണ്ട്, 380 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അവിടത്തെ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പെർമനന്റും കോൺട്രാക്ട് അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലുമുള്ള തൊഴിലാളികളുണ്ട്. അതിൽ പെർമെനന്റായി 380 പേരെ നിയമിച്ചുകഴിഞ്ഞു. റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് കൊച്ചി മെഡിക്കൽ കോളേജിൽ ഘട്ടംഘട്ടമായി അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് മുഖ്യമന്ത്രി തന്നെ പല പ്രാവശ്യം പ്രഖ്യാപിച്ചതാണ്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കും. അവിടത്തെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകാൻ കണ്ണൂർ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. കണ്ണൂർ ജില്ലയുടെ ഗവൺമെന്റ് മെഡിക്കൽ കോളേജായി പരിയാരം മെഡിക്കൽ കോളേജിനെ ഏറ്റെടുത്ത് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാത്തതിന്റെ ഫലമായി 6 സ്വാശ്രയ മെഡിക്കൽ കോളജുകളിലും 2 സർക്കാർ മെഡിക്കൽ കോളേജുകളിലും ഈവർഷം പ്രവേശനം നടത്താൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകുകയുണ്ടായി. അതിന് സമയബന്ധിതമായി അംഗീകാരം ലഭിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം. അതോടൊപ്പംതന്നെ തൃശ്ശൂർ, ആലപ്പുഴ ഡെന്റൽ കോളേജുകൾക്ക് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടില്ല. അവിടെ പഠിക്കുന്ന കുട്ടികളുടെ കാര്യം ബുദ്ധിമുട്ടാണ്. ആ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; സ്വാശ്രയ കോളജുകളിൽ റിസർവേഷൻ പാലിക്കപ്പെടുന്നില്ല എന്നുള്ള പരാതി വ്യാപകമായി വരുന്നുണ്ട്. അവ പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടില്ല. 6 മെഡിക്കൽ കോളജുകൾക്കുംകൂടി അംഗീകാരം ലഭ്യമായാൽ മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഇപ്രാവശ്യം എണ്ണൂറോളം സീറ്റുകളുണ്ട്. അതിൽ 400 മെറിറ്റ് സീറ്റാണ് സംസ്ഥാന ഗവൺമെന്റിന് ലഭ്യമാകുന്നത്. അതിനുവേണ്ടി അവരുടെ അസോസിയേഷൻ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യാൻ പോകുന്നുവെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

50 ശതമാനം സീറ്റ് ലഭ്യമാകുമെന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ അവർക്കനുകൂലമായ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റും ആലോചിക്കുന്നതാണ്. അതുപോലെ തൃശ്ശൂർ, ആലപ്പുഴ ഡെന്റൽ കോളേജുകളിൽ രണ്ടാം വർഷം കോഴ്സ് ആരംഭിക്കുന്നതിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിക്കഴിഞ്ഞു. തൃശ്ശൂർ ഡെന്റൽ കോളേജിൽ 65-ഓളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെയും എല്ലാ സൗകര്യങ്ങളും ഒരുക്കിക്കഴിഞ്ഞു. ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ പരിശോധനയ്ക്ക് എത്തിച്ചേർന്നു. ആലപ്പുഴയിലും എല്ലാ സൗകര്യങ്ങളുമൊരുക്കി. പുതുതായി ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് തീരുമാനമെടുക്കേണ്ടത്. അതിനുവേണ്ട നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. സ്വാശ്രയ കോളേജുകളിൽ റിസർവേഷൻ പാലിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ മേഖലയിലെ മെറിറ്റ് സീറ്റുകളിലും സ്വാശ്രയ കോളേജുകളിലെ സീറ്റുകളിലും ശക്തമായും നിർബന്ധമായും സംവരണം നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കും. അക്കാര്യത്തിൽ യാതൊരു പരാതിയും ലഭ്യമായിട്ടില്ല.

ശ്രീ. ആർ. രാജേഷ്: സർ, ഈ വർഷം 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 850 സീറ്റുകളിലാണ് സർക്കാർ മെറിറ്റിൽ പ്രവേശനം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്നാണ് അങ്ങ് നൽകിയ മറുപടി. ഇക്കാര്യം അങ്ങനെ നടക്കുന്നതല്ല. മാനേജ്മെന്റുകളുമായി കരാറുണ്ടാക്കണം. ഇന്റർ ചർച്ച് കൗൺസിലുമായി കരാറുണ്ടാക്കി ഉയർന്ന ഫീസ് ഘടനയിൽ സർക്കാർ ധാരണയായിട്ടുണ്ട്. പക്ഷേ അതംഗീകരിക്കാൻ മറ്റ് കോളേജുകൾ തയ്യാറായിട്ടില്ല. അതുതന്നെ ഉയർന്ന ഫീസാണ്. സ്വാശ്രയ കോളേജുകളിൽ സർക്കാർ ഉദ്ദേശിക്കുന്ന നിലയിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നടത്താൻ കഴിയുന്ന സാഹചര്യമല്ല ഉള്ളത്. പ്രവേശനം തുടങ്ങുന്ന ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ആശങ്ക ഉണ്ടാകാത്ത നിലയിൽ ഈ കോളേജുകളുമായി ഗവൺമെന്റ് കരാർ ഒപ്പിട്ടിട്ടുണ്ടോ; ആ കരാറിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്; അംഗീകാരമില്ലാത്ത സ്വാശ്രയ കോളേജുകൾക്കുമേൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 6 സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം ലഭ്യമായിട്ടില്ല. അതുകൊണ്ടാണ് അവർ ചർച്ചയ്ക്ക് വരാത്തത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ഫീസിന്റെ കാര്യത്തിൽ ഒരു ധാരണയായിട്ടുണ്ട്. മറ്റ് കോളേജുകൾക്കുകൂടി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക്

എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആദ്യത്തെ പ്രാവശ്യം ചർച്ചയ്ക്ക് വിളിച്ചതിൽ അഞ്ചോളം കോളേജുകൾ ചർച്ചയ്ക്ക് വന്നിരുന്നു. മറ്റ് കോളേജുകൾക്ക് recognition ലഭിച്ചാൽ അവരും ചർച്ചയ്ക്ക് വരുന്നതാണ്. ഫീസിന്റെ കാര്യത്തിൽ തീരുമാനമായിട്ടുണ്ട്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളിൽ എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കിയതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ പറയുകയുണ്ടായി. അദ്ദേഹം നിരവധി തസ്തികകൾ ക്രിയേറ്റ് ചെയ്തതിനെ സംബന്ധിച്ചുള്ള സ്ഥിതിവിവരകണക്കുകളും പറയുകയുണ്ടായി. എന്റെ മണ്ഡലത്തിലാണ് കോഴിക്കോട് മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. മഞ്ചേരി മെഡിക്കൽ കോളേജ് വന്നപ്പോൾ അവിടെയുള്ള നിരവധി തസ്തികകൾ അങ്ങോട്ട് ഷിഫ്റ്റ് ചെയ്യുകയുണ്ടായി. അവിടത്തെ പ്രവർത്തനം പെട്ടെന്ന് ആരംഭിക്കുന്ന തിനുവേണ്ടിയാണ് അങ്ങനെ ചെയ്തതെന്ന് കരുതാം. പക്ഷേ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഷോർട്ടേജ് അനുഭവിക്കുകയാണ്. പുതിയതായി സൃഷ്ടിക്കപ്പെട്ട നൂറുകണക്കിന് തസ്തികകളിൽ ഒന്നുപോലും മലബാർ മേഖലയുടെ ഏക ആശ്രയമായ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൃഷ്ടിക്കാൻ സന്നദ്ധമായിട്ടില്ല. ഇപ്പോൾ അവിടെ സീറ്റിന് താൽക്കാലിക അംഗീകാരം ലഭിച്ചിട്ടുണ്ട്. പക്ഷേ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ആവശ്യമായ തസ്തികകളും ലക്ചർ ഹാളും ഓഡിറ്റോറിയവുമൊക്കെയുണ്ടാകണം. ഇതെല്ലാം നിഷ്കർഷിക്കുന്ന നിബന്ധനകളാണ്. എത്രയുംപെട്ടെന്ന് അത് യാഥാർത്ഥ്യമായില്ലെങ്കിൽ ഉള്ള സീറ്റ് നഷ്ടപ്പെടാൻ ഇടയാകുന്ന സാഹചര്യമുണ്ടാകും. കോഴിക്കോട് മെഡിക്കൽ കോളേജിനോട് സർക്കാർ വിവേചനം കാണിക്കുന്നുവെന്നുള്ളത് അനുഭവമാണ്. അത് ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരുടെയും അഭിപ്രായമാണ്. എല്ലാവർക്കുംവേണ്ടി ഞാൻ ഇക്കാര്യം പറയുന്നു വെന്ന് മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്; അനുഭാവ പൂർണ്ണമായ നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ആൾ ഇൻഡ്യാ ബേസിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജിനാണ് കുട്ടികൾ പഠിക്കുന്നതിന് മുന്തിയ പരിഗണന കൊടുക്കുന്നത്. അവിടെ അക്കാദമിക് കാര്യങ്ങളായാലും ചികിത്സാ രംഗത്തായാലും വളരെ അഭിമാനകരമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികളാണ് നടക്കുന്നത്. അടുത്ത കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ പങ്കെടുത്ത പരിപാടിയിൽ ശ്രീ. എ. പ്രദീപ്കുമാറും പങ്കെടുത്തതാണ്. എന്തായാലും അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യം, പുതിയ മെഡിക്കൽ കോളേജ് തുടങ്ങുമ്പോൾ സീനിയർ റസിഡന്റ്സിന്റെ അഭാവം ഉണ്ടെന്നുള്ളതാണ്. അത് പലയിടത്തുമുണ്ട്. സീനിയർ റസിഡന്റ്സിന് 32,000 രൂപ ഫീസ് നിശ്ചയിച്ചിരുന്നത് 50,000 രൂപയാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ചില മേഖലകളിൽ സീനിയർ റസിഡന്റ്സിനെ കിട്ടാത്തതിന്റെ ഭാഗമായി 60,000 രൂപയാ ക്കുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. കോഴിക്കോട് ആ പ്രശ്നമില്ല. പക്ഷെ കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിനുവേണ്ടി പ്രത്യേകമായി ചേർന്ന യോഗത്തിൽ കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മാത്രമല്ല, കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10-ാം തീയതി ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ചോദ്യമാകുമ്പോൾ കാസർഗോഡ് നിന്നുള്ള എം.എൽ.എ. എന്ന നിലയിൽ ഞാനൊരു ചോദ്യം ചോദിക്കാതിരിക്കുന്നത് ശരിയല്ല. കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത് എപ്പോഴാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. 69 കോടിയോളം രൂപ നബാർഡിൽനിന്നും കിട്ടിയിട്ടുണ്ട്. 25 കോടിയോളം രൂപ കാസർഗോഡ് പാക്കേജിൽ നിന്നും അനുവദിച്ചുകിട്ടിയിട്ടുണ്ട്. ഇതിന്റെ പണി എപ്പോൾ തുടങ്ങാൻ സാധിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും ആദ്യത്തെ പ്രവേശനം എപ്പോൾ സാധ്യമാകുമെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, കാസർഗോഡ് മെഡിക്കൽ കോളേജിന്റെ എസ്റ്റിമേറ്റ് 253.19 കോടി രൂപയാണ്. മൂന്ന് കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. നബാർഡ് 46 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ ഷെയറായി സപ്ലിമെന്ററിയിൽ 11 കോടി രൂപയ്ക്കുവേണ്ടി മൂവ് ചെയ്യുന്നു. കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജിൽനിന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ടെണ്ടർ എക്സസായതുകൊണ്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി അക്കാര്യം പരിശോധിക്കാനിരിക്കുകയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഉടൻതന്നെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> സർ, മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കൂടുതൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സമീപനാളിലുണ്ടായ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് ഞാനിത് പറയുന്നത്. ആർ.പി.എം.എൽ.പി. സ്കൂളിലെ 78 കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയേറ്റ് ഉടുമ്പൻചോല താലൂക്കാശുപത്രിയിൽ കൊണ്ടു പോയി. രാത്രി വളരെ വൈകി ചില കുട്ടികൾക്ക് അസുഖം കൂടിയതിനെത്തുടർന്ന് ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു. 50 കിലോമീറ്റർ യാത്രചെയ്ത് ഇടുക്കി മെഡിക്കൽ കോളേജിൽ ചെന്നപ്പോൾ അവിടെ കുട്ടികളെ പരിശോധിക്കാനുള്ള ഡോക്ടറില്ല. തുടർന്ന് 25 കിലോമീറ്റർ യാത്രചെയ്ത് പ്രൈവറ്റ് ആശുപത്രിയിലാണ് കുട്ടികളെ ചികിത്സിച്ചത്. മെഡിക്കൽ കോളേജിൽ രാത്രികാലങ്ങളിൽ കുട്ടികളുടെ ഒരു ഡോക്ടർ പോലുമില്ലാത്ത അവസ്ഥയാണുള്ളത്. യഥാർത്ഥത്തിൽ ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ; ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഉടുമ്പൻചോല താലൂക്കാശുപത്രിയിൽ ഡോക്ടറെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ എന്നാണ് അറിയേണ്ടത്.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, കുട്ടികൾക്ക് ഭക്ഷ്യ വിഷബാധയേറ്റതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. എന്നെ വിളിച്ചിരുന്നു. അപ്പോൾത്തന്നെ അവിടെ ആവശ്യമായ മുഴുവൻ ഡോക്ടർമാരെയും കൊടുത്തു. ഏറ്റവും നല്ല ചികിത്സ കൊടുത്തുവെന്ന് അവിടെയുള്ള എല്ലാ ആളുകളും എന്നെ വിളിച്ച് സംസാരിച്ചിരുന്നു. ഇടുക്കി മെഡിക്കൽ കോളേജിൽ കുട്ടികളുടെ ഡോക്ടർ ഇല്ലായെന്ന കാര്യത്തെക്കുറിച്ച് അന്വേഷിക്കാം. രാത്രികാലങ്ങളിൽ അപകടങ്ങളുണ്ടാകുമ്പോൾ മെഡിക്കൽ കോളേജുകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ എത്തിച്ചേരുകയാണ് പതിവ്. അവിടെ ഹൗസ് സർജന്മാരും സീനിയർ റസിഡന്റ്സും ഉണ്ടായിരുന്നു. അത്തരമൊരു പശ്ചാത്തലത്തിൽ അവിടെ എന്താണുണ്ടായതെന്ന് അന്വേഷിക്കാം. എന്തായാലും മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കാണ് ഇപ്പോൾ അംഗീകാരം കിട്ടാത്തത്. അതിൽ ഒരു മെഡിക്കൽ കോളേജായ അടൂരിലെ സിയോൺ ആശുപത്രിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഞാൻ പോയതാണ്. നല്ല കെട്ടിടം പണിതിട്ടുണ്ട്. ഫസ്റ്റ് ഇയർ അഡ്മിഷൻ കഴിഞ്ഞ് കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുകയാണ്. സെക്കന്റ് ഇയർ ആയപ്പോൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ആ ആശുപത്രിയുടെ അംഗീകാരം നിഷേധിച്ചു ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ഗതിയെന്താണെന്ന് നമ്മൾ അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഇതിലും എത്രയോ മോശമായ മെഡിക്കൽ കോളേജുകൾക്ക് തമിഴ്നാട്ടിലും കർണ്ണാടകയിലും അംഗീകാരം കിട്ടുന്നു. കേരളത്തിൽ മാത്രം എന്താണ് ബുദ്ധിമുട്ട് ? അതിനെന്താണ് കാരണമെന്നതിനെപ്പറ്റി ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ കാര്യം പ്രശ്നമാകുകയാണ്. കേരളത്തിൽനിന്നും കൂടുതൽ ഡോക്ടർമാർ ഉണ്ടാകുന്ന അവസരവും നിഷേധിക്കപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. മെഡിക്കൽ കോളേജെന്നു പറയുന്നത് നമ്മുടെ പൊതുസ്വത്തായികണക്കാക്കേണ്ടതായിട്ടുണ്ടെന്നതാണ് എന്റെ അഭിപ്രായം. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ പ്രശ്നമുണ്ട്. ഗവൺമെന്റിന് 50 ശതമാനം സീറ്റ് കിട്ടുന്നുണ്ട്. അതിൽ സ്വാശ്രയ മാനേജ്മെന്റ് കോടതിയിൽ കേസ്സുമായി നിൽക്കുകയാണ്. ഇവർക്ക് അഡ്മിഷൻ നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനു വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് നിയമവകുപ്പുമായി ആലോചിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുക എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

ശ്രീ. ബി. സത്യൻ: സർ, 14 ജില്ലകളിലായി 22 മെഡിക്കൽ കോളേജുകൾ നിലവിലുണ്ട്. ലോകാരോഗ്യ സംഘടന പറഞ്ഞതുപ്രകാരം 2000-ത്തിൽ കൈവരിക്കേണ്ട നേട്ടം 1990 മുതലുള്ള കാലയളവിൽ കേരളം കൈവരിച്ചുകഴിഞ്ഞു. കേരളത്തിലെ ആരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിന് പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെ മെച്ചപ്പെടുത്തേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly.

എന്തെങ്കിലും ശാസ്ത്രീയമായ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ ; ഓരോ കക്ഷികളും ആവശ്യപ്പെടുന്ന പ്രകാരം ഓരോ ആളുകളുടെയും സ്മരണ നിലനിർത്താൻവേണ്ടി അവരുടെ പേരിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ തുടങ്ങിയാൽ കേരളത്തിന്റെ സ്ഥിതി എവിടെച്ചെന്ന് അവസാനിക്കും? പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെയുള്ളയിടത്ത് ഡോക്ടർമാരും മരുന്നും ചികിത്സയും ഓപ്പറേഷനുള്ള സംവിധാനവുമില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസൗകര്യങ്ങളെക്കുറിച്ച് ഇന്നും പത്രങ്ങളിൽ വാർത്തയുണ്ട്. ഇത്തരം ദയനീയസ്ഥിതി നിലനിൽക്കുമ്പോഴാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വിളിപ്പാടകലെയുള്ള തിരുവനന്തപുരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്താൻ പോകുന്നത്. ഇതിന് അംഗീകാരം കിട്ടില്ലായെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഇതൊരു തട്ടിപ്പാണ്. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണമെങ്കിൽ 25 ഏക്കർ സ്ഥലവും 600 കിടക്കകളും എല്ലാ സ്പെഷ്യാലിറ്റികളും എല്ലാ ആധുനിക സൗകര്യങ്ങളും ഉണ്ടാകണമെന്ന് പറയുന്നിടത്ത് പാരസെറ്റമോൾ ഗുളികപോലും കൊടുക്കാൻ കഴിയാതെ നിലനിൽക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളും നിലവിലുള്ള മെഡിക്കൽ കോളേജുകളും ശക്തിപ്പെടുത്തേണ്ട ഗവൺമെന്റും ആരോഗ്യ വകുപ്പും എന്തിനാണ് തട്ടിക്കൂട്ട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതെന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങണമെന്നൊരു സമീപനം കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിനുണ്ടായിരുന്നു. സംസ്ഥാന ഗവൺമെന്റും ആ ഒരു സമീപന മെടുത്താണ് മുന്നോട്ടു പോകുന്നത്. നമ്മുടെ കുട്ടികൾക്ക് ഏറ്റവും നല്ല രീതിയിൽ മെഡിക്കൽ വിദ്യാഭ്യാസം കേരളത്തിൽ നൽകുക എന്നുള്ളത് പ്രധാനമാണ്. നമ്മുടെ കുട്ടികൾ റഷ്യയിലും ചൈനയിലുമൊക്കെ പോയിപഠിക്കുകയാണ് ചെയ്യുന്നത്; അവിടെ പോയി പഠിച്ചു വന്നാലും ഇവിടെ വേറെ ടെസ്റ്റ് പാസ്സാകണം. ജനറൽ ആശുപത്രി മെഡിക്കൽ കോളേജാകുമ്പോൾ പത്തിരട്ടി ചികിത്സ കൂടുതൽ കിട്ടുകയാണ്. മലപ്പുറം ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചു. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു ജില്ലയാണ് മലപ്പുറം. ഇടുക്കി ജില്ലയിൽനിന്നും മെഡിക്കൽ കോളേജിൽ എത്തിച്ചേരണമെങ്കിൽ എത്ര കിലോമീറ്റർ യാത്ര ചെയ്യണം? കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട് ജില്ല. പിന്നോക്ക ജില്ലയായ പാലക്കാട് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മെഡിക്കൽ

കോളേജ് തുടങ്ങി. 100 സീറ്റിൽ 70 സീറ്റ് എസ്.സി. വിഭാഗത്തിനാണ് കൊടുത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർ ബി. സത്യൻ മനസ്സിലാക്കണം. അങ്ങനെ ഇന്ത്യയിൽ ഒരു സ്റ്റേറ്റിലും കൊടുത്തിട്ടില്ല. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത്ലാബ് ഉൾപ്പടെയുള്ള സംവിധാനങ്ങൾ തുടങ്ങുമ്പോൾ അതിന്റെ സൗകര്യം പത്തിരട്ടി വർദ്ധിക്കുകയാണ്. ഏത് സ്റ്റേറ്റിലാണ് അവരുടെ ക്യാപ്പിറ്റലിൽ സർക്കാർ ലെവലിൽ രണ്ടോ മൂന്നോ മെഡിക്കൽ കോളേജുകൾ ഇല്ലാത്തത്? വിദഗ്ധ ചികിത്സ ലഭ്യമാകുന്നതിനുള്ള കൂടുതൽ സൗകര്യങ്ങൾ വരുമ്പോൾ അതിനെ എതിർക്കുന്നത് ശരിയല്ല. കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതുവഴി 2,000 കോടിയിലധികം രൂപയാണ് സർക്കാർ ഈ മേഖലയിൽ ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ച് മുന്നോട്ടുപോകുന്നതെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. വയനാട് ജില്ലയുടെ കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. ഇത്രയുമധികം പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയിൽ ഒരു മെഡിക്കൽ കോളേജെന്ന് പറയുന്നത് നമ്മുടെ സ്വപ്നമായിരുന്നു. അത് സാക്ഷാത്കരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു വെന്നുള്ളതിൽ അഭിമാനമുണ്ട്. എല്ലാ ജില്ലകളിലും അതിനൂതനമായ രീതിയിലുള്ള വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള അവസരവുമാണ് ഒരുക്കുന്നത്. ആ നിലപാടുകളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. പോസ്റ്റ് ക്രിയേഷൻ ഇവിടെ നേരത്തെ സൂചിപ്പിച്ചതാണ്. കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് ഇതിനകം ചെലവാക്കിയിരിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട്ടിലെ ജനങ്ങളെ സംബന്ധിച്ച് കഴിഞ്ഞ 12-ാം തീയതി സന്തോഷകരമായ സുദിനമായിരുന്നു. ഏറെക്കാലമായുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്ന അവരുടെ സ്വപ്നം യാഥാർത്ഥ്യമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 12-ാം തീയതി തറക്കല്ലിട്ടു. എന്റെ ചോദ്യം, 2012-13-ൽ അവിടെ കോളറ പിടിപെട്ട് 3 പട്ടികവർഗ്ഗക്കാർ മരണപ്പെടുകയുണ്ടായി. ഈ കഴിഞ്ഞ ദിവസങ്ങളിൽ 152 പേർക്ക് കരങ്ങുപനി ബാധിച്ചു, 11 പേർ മരണപ്പെട്ടു. ഇത്തരം അസുഖം വന്നാൽ രക്തം പരിശോധിക്കാൻ കൊണ്ടുപോകുന്നത് കർണ്ണാടകയിലാണ്. 2012-13-ൽ കോളറ പിടിപെട്ടപ്പോൾ രക്തം പരിശോധിക്കാൻ കൊണ്ടുപോയത് ആലപ്പുഴ പബ്ലിക് ഹെൽത്ത് ലാബിലേയ്ക്കാണ്. 2012-13-ൽ വയനാട് ജില്ലയിലെ എന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിൽ ഒരു പബ്ലിക് ഹെൽത്ത് ലാബിനുള്ള തുക അനുവദിച്ചു ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചെങ്കിലും ആവശ്യമായ മെഷനറികളോ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫിനേയോ നിയമിച്ചിട്ടില്ല. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സർവ്വേ അനുസരിച്ച് അടുത്ത വർഷവും കരങ്ങുപനി കൂടാനാണ് സാധ്യത. അങ്ങനെ വരുമ്പോൾ മരണസംഖ്യ കൂടും. അതിനാൽ സുൽത്താൻ ബത്തേരിയിലെ ലാബ് ഉടനെ പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാകുമോ ; മാത്രമല്ല, ജനസമ്പർക്ക പരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലാബുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പറഞ്ഞതാണ്. അത് യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, മെഡിക്കൽ കോളേജിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. വയനാട് ജില്ലയിൽ ഇപ്പോൾ കണ്ടുവരുന്നത് സിക്കിൾസെൽ അനീമിയ, കരങ്ങുപനി തുടങ്ങിയ രോഗങ്ങളാണ്. മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ എല്ലാ സൗകര്യങ്ങളും ഉണ്ടാകും. കോഴിക്കോട് മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരം രോഗങ്ങൾ വരുമ്പോൾ പരിശോധിക്കുന്നതിന് മാംഗ്ലൂരിലേക്കോ, ആലപ്പുഴയിലേക്കോ പോകേണ്ട സാഹചര്യമാണുള്ളത്. വയനാട് ജില്ലയ്ക്ക് അടുത്തുള്ളത് മാംഗ്ലൂരാണ്. ഏതായാലും ലാബ് സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, മെഡിക്കൽ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി വളരെ വ്യക്തമായ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ തൃശ്ശൂർ ജില്ലയിലെ മെഡിക്കൽ കോളേജിന്റെ നിലവിലുള്ള പ്രവർത്തനം വളരെ ശോചനീയമാണ്. പേപ്പട്ടി കടിച്ചാൽ പ്രതിരോധിക്കാനുള്ള മരുന്നിനുവേണ്ടി അവിടെ അലയുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. പാവപ്പെട്ടവന്റെ ധർമ്മാശുപത്രി എന്നുപറയുന്ന സർക്കാർ ആശുപത്രിയിൽ ഇത്തരത്തിലുള്ള മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ വളരെ മോശമാണ്. ജനങ്ങൾക്ക് സേവനം ലഭിക്കാവുന്ന രീതിയിലുള്ള സമയബന്ധിതമായിട്ടുള്ള സംവിധാനങ്ങൾ അവിടെയില്ല. അതിനെ സംബന്ധിച്ച് വളരെ വ്യക്തവും ശക്തവുമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ജില്ലാ മെഡിക്കൽ സൂപ്രണ്ടുമാർ അല്ലെങ്കിൽ ഡി.എം.ഒ.-മാർ വളരെ കൃത്യമായിട്ടുള്ള പഠനങ്ങൾ നടത്തുകയും അവ സമയബന്ധിതമായി നടപ്പിലാക്കുകയും വേണം. സംസ്ഥാന ആരോഗ്യ വകുപ്പ് ക്ഷേമപ്രവർത്തനങ്ങൾക്കായി അടിയന്തരമായിട്ടുള്ള സാഹചര്യമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ, പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയിൽ മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിലുള്ള ശോചനീയാവസ്ഥ ഉള്ളപ്പോൾ എന്തു നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാൻ കഴിയുക?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 225 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. അടിസ്ഥാനപരമായിട്ടുള്ള എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. പേപ്പട്ടി വിഷബാധയെക്കുറിച്ച് പറഞ്ഞു. ആവശ്യമായിട്ടുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിലും മെഡിക്കൽ കോളേജുകളിലുമുണ്ട്. രണ്ടുദിവസം മുമ്പ് തെരുവുനായ്ക്കളുടെ ശല്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഒരു യോഗം ചേർന്നപ്പോൾ കൂടുതലായി ആവശ്യമുള്ള മരുന്ന് വാങ്ങി സൂക്ഷിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇതിലുള്ളൊരു പ്രശ്നം, പട്ടി കടിച്ചാൽ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രി കളിലും ഐ.സി.യു. ഉള്ളിടങ്ങളിലും മാത്രമേ നമുക്ക് ഇഞ്ചക്ഷൻ കൊടുക്കാൻ കഴിയുകയുള്ളൂ. ഇഞ്ചക്ഷൻ കൊടുക്കുമ്പോൾ എന്തെങ്കിലും കുഴപ്പങ്ങളുണ്ടാകുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഐ.സി.യു. വേണം. അപ്പോൾ അങ്ങനെയുള്ള ആശുപത്രികളിൽ മാത്രമാണ് ഇത്തരം മരുന്ന് കൊടുക്കുന്നത്. മറ്റാശുപത്രികളിൽ അടിയന്തരമായി കൊടുക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ അപ്പോൾത്തന്നെ എത്തിക്കുന്നുമുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്ത തീരുമാനം ഏറെ ശ്ലാഘനീയമാണ്. അക്കാര്യം സഭയിലെല്ലാവരും ഒരുപോലെ പരിഗണിക്കേണ്ടതുമാണ്. 1980-82-നു ശേഷം 30 വർഷങ്ങൾക്കുശേഷമാണ് കേരളത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസത്തിനും ഉന്നത ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കാനും ജില്ലകളിൽ കൂടുതൽ സൗകര്യങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിക്കുകയാണ്. ഇടുക്കിയിൽ കഴിഞ്ഞ വർഷം മെഡിക്കൽ കോളേജ് ആരംഭിച്ചു. അത് രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശി ക്കുകയാണ്. അവിടെ ആവശ്യമായ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയും ചെയ്തു. ശ്രീ. കെ. കെ. ജയചന്ദ്രൻ സൂചിപ്പിച്ച കാര്യമാണെങ്കിലും അവിടെ ജോയിൻ ചെയ്യാൻ ഡോക്ടർമാർ വിസമ്മതിക്കുന്നു. അതുകൊണ്ട് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ് അവിടെയുണ്ട്. പ്രത്യേകിച്ച് കട്ടികളുടെ വിഭാഗത്തിലും ഓർത്തോ വിഭാഗത്തിലുമൊക്കെ ഡോക്ടർമാർ വന്നുചേരാത്തത് സുഗമമായ നടത്തിപ്പിന് ചില തടസ്സങ്ങളുണ്ട് എന്നത് അംഗീകരിക്കുന്നു. എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ബാലാരിഷ്ടതയാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആ മെഡിക്കൽ കോളേജ് നല്ല നിലയിൽ മുന്നോട്ടു പോകുകയാണ്. ഇതുവരെ ഏതു രൂപ ഇടുക്കി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടുണ്ട് ; ഇവിടെ സൂചിപ്പിച്ചതുപോലെ മെഡിക്കൽ കോളേജ് ആശുപത്രി നിർമ്മാണത്തിനുവേണ്ടി 57 കോടി 11 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ കഴിഞ്ഞു. ടെണ്ടർ എക്സസ് ആണ്. അക്കാര്യം പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുമെന്ന് മന്ത്രി മറുപടിയിൽ പറഞ്ഞു. അത്തരം കാര്യങ്ങൾ ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മലയോര മേഖലയോട് കാണിച്ച ഏറ്റവും വലിയ നീതിപൂർവ്വമായ ഒരു സമീപനമായി ഇടുക്കി മെഡിക്കൽ കോളേജിനെ ഞങ്ങൾ കാണുന്നു. അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിന് ഒരു ഉന്നതതല യോഗം പ്രത്യേകിച്ച് ഡി.എം.ഇ., ഡി.എച്ച്.എസ്. ഉൾപ്പെടെയുള്ളവരുടെ ഒരു മീറ്റിംഗ് തിരുവനന്തപുരത്ത് വിളിച്ചുചേർക്കണം എന്നുള്ള അപേക്ഷകൂടി ഞാൻ ഉന്നയിക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇവിടെ 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭ്യമാകാത്തത് അവയുടെ സൗകര്യക്കുറവു കൊണ്ടാണ്. പക്ഷേ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെല്ലാം ഓരോ വർഷവും, തുടർന്നങ്ങോട്ടുള്ള ഓരോ വർഷവും വരുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഇൻസ്പെക്ഷനിൽ നമുക്ക് അംഗീകാരം ലഭ്യമാകുന്നു. കാരണം, പോസ്റ്റ് ക്രിയേഷനടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഗവൺമെന്റ് സമയബന്ധിതമായി ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം മെറിറ്റ് സീറ്റിൽ 950 ഉണ്ടായിരുന്നത് ഇപ്പോൾ 1250 സീറ്റായി. 300-ഓളം മെരിറ്റ് സീറ്റ് നമുക്കിപ്പോൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇടുക്കി മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം 277.68 കോടി രൂപയുടെ പ്രോജക്ടാണ്. 8.36 കോടി രൂപ അവിടെ ചെലവഴിച്ചുകഴിഞ്ഞു. നബാർഡ് 57 കോടി രൂപ അനുവദിച്ചു. അതിന്റെ സ്റ്റേറ്റ് ഷെയർ ആയ 11 കോടി രൂപയ്ക്ക് ഇപ്പോൾ സപ്ലിമെന്ററിയായി പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. അതുകൂടി അനുവദിക്കും. അവിടത്തെ പ്രശ്നങ്ങൾ മുഴുവൻ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഈയാഴ്ചതന്നെ ഒരു യോഗം പ്രത്യേകമായി വിളിച്ചു ചേർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് തെറ്റയിൽ: സർ, ഇല്ലത്തുനിന്ന് പുറപ്പെട്ട അമ്മാത്ത് എത്തിയിട്ടുമില്ല എന്ന് പറഞ്ഞതുപോലെയാണ് എറണാകുളം കളമശ്ശേരി മെഡിക്കൽ കോളേജിന്റെ സ്ഥിതി. നേരത്തെ കോ-ഓപ്പറേറ്റീവ് സെക്ടറിലായിരുന്നു; ഗവൺമെന്റിലേയ്ക്ക് വന്നുവെന്ന് പറയുന്നു. ആ മെഡിക്കൽകോളേജിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; അവിടെ അഡ്മിഷൻ നടക്കുമ്പോൾ റിസർവ്വേഷൻ പാലിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, കൊച്ചി മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. എറണാകുളം ജില്ലയിലുള്ള മെഡിക്കൽ കോളേജെന്ന നിലയിലാണ് കൊച്ചി മെഡിക്കൽ കോളേജിനെ ഏറ്റെടുത്തത്. 350 പോസ്റ്റുകൾ കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടി ക്രിയേറ്റ് ചെയ്തു. അവിടെ 872 സ്റ്റാഫിന്റെ ആവശ്യമുണ്ടെന്നാണ് ഡി.എം.ഇ.-യുടെ റിപ്പോർട്ട്. അതനുസരിച്ച് അവിടെ പെർമനന്റ് സ്റ്റാഫായിട്ടുള്ള 142 ടീച്ചിംഗ് സ്റ്റാഫ്, 202 നോൺ ടീച്ചിംഗ് സ്റ്റാഫ് ഉൾപ്പെടെയുള്ളവരെയെല്ലാം റെഗുലറൈസ് ചെയ്തു. ഇനിയുള്ളത് കോൺട്രാക്ട് എംപ്ലോയീസും ഡെയിലി വേജസിലുള്ളവരുമാണ്. അവരുടെ ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റി പരിശോധിച്ച് ലിസ്റ്റ് ലഭ്യമാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കോളേജിനോടനുബന്ധിച്ചുള്ള നഴ്സിംഗ് കോളേജും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇതുവരെ ഇവ സഹകരണ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരുന്നു. ഇപ്പോൾ 100 സീറ്റും ഗവൺമെന്റിനാണ്. നേരത്തെ 50 സീറ്റ് മാത്രമാണ് ഗവൺമെന്റിനുണ്ടായിരുന്നത്. ഇപ്പോൾ നൂറ് സീറ്റിലും അഡ്മിഷൻ നടത്തുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ട്. ഈ വർഷം അംഗീകാരം കിട്ടി. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, പുതിയ മെഡിക്കൽ കോളേജുകൾ വന്നതോടെ കുറേ പുതിയ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ പുതിയ മെഡിക്കൽ കോളേജുകൾ വന്നപ്പോൾ കുറേ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാനിടയായി എന്നുള്ളത് വളരെയധികം സ്വാഗതാർഹമായ കാര്യമാണ്. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളുണ്ട്, മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവുമായി ബന്ധപ്പെട്ടുള്ള പ്രശ്നവുമുണ്ട്. ഒരിക്കൽ അംഗീകാരം കിട്ടിയാലും ഓരോ വർഷവും വിസിറ്റ് ചെയ്യുമ്പോൾ ആവശ്യമായ കാര്യങ്ങൾ സജ്ജമാക്കേണ്ട കാര്യമുണ്ട്. അതുകൊണ്ട് പുതിയ മെഡിക്കൽ കോളേജുകളെ മാത്രം നിരീക്ഷിക്കുന്നതിനും അതുസംബന്ധിച്ച കാര്യങ്ങൾ നോക്കുന്നതിനുമായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനമുണ്ടാക്കുന്നതിനുവേണ്ടി അങ്ങ് പ്രത്യേക താൽപ്പര്യമെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ: സർ, പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സെക്രട്ടറി അടക്കമുള്ള ആളുകൾ ഇക്കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായ സാഹചര്യമുണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്, മഞ്ചേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട കാര്യമാണ്. ഓരോ വർഷവും അവിടെ ആവശ്യമായ സാഹചര്യം ഒരുക്കികൊണ്ടിരിക്കുകയാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ വച്ച് ഫസ്റ്റ് ഇയർ എം.ബി.ബി.എസ്.-ന് കഴിഞ്ഞവർഷം ഫസ്റ്റ് റാങ്ക് കിട്ടിയത് നമ്മൾ തുടങ്ങിയ മഞ്ചേരി മെഡിക്കൽ കോളേജിലാണ്. ഗവൺമെന്റ് തുടങ്ങിയിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ഡോക്ടറില്ല, സ്റ്റാഫില്ല എന്നൊക്കെ പറയുന്നുണ്ടെങ്കിലും ആവശ്യമായ സൗകര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. അവിടെ ജനറൽ ഹോസ്പിറ്റലാണ് ഏറ്റെടുത്തതെങ്കിലും പുതിയ ജനറൽ ഹോസ്പിറ്റൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, താലൂക്കാശുപത്രിയുടേയും ജില്ലാ ജനറൽ ആശുപത്രിയുടേയും ബോർഡ് മാറ്റി, മെഡിക്കൽ കോളേജിന്റെ ബോർഡു വച്ചതു കൊണ്ടുമാത്രം അവ മെഡിക്കൽ കോളേജാകുന്നില്ല. വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് മാത്രമല്ല, സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടുന്നതിനുവേണ്ടി ഫാക്കൽറ്റികളെ വാടകയ്ക്ക് എടുക്കുകയാണ്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടോ മൂന്നോ ദിവസത്തേക്ക് വാടകയ്ക്കെടുത്ത് കൗൺസിലിന്റെ ഇൻസ്പെക്ഷൻ വരുന്ന സമയത്ത് കാണിച്ചുകൊടുക്കുകയും അതുകഴിഞ്ഞ് അവരിൽ പലരും ഉത്തരേന്ത്യയിലേയ്ക്ക് പോകുകയും ചെയ്യുന്ന സ്ഥിതി ഇവിടെയുണ്ട്, മൂന്ന് ദിവസത്തേയ്ക്ക് രണ്ടു ലക്ഷം രൂപവരെ വാടക സംഖ്യകൊടുത്തിട്ടാണ് പല സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളും ഫാക്കൽറ്റികളെ വിളിച്ചിരുത്തുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാഭ്യാസം താറുമാറായിരിക്കുകയാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇതിൽ ഇടപെടുന്നതിന് എന്തെങ്കിലും സംവിധാനത്തെക്കുറിച്ച് ആരോഗ്യവകുപ്പ് ആലോചി ക്കുന്നുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ പരിശോധിച്ചിട്ടാണ് അവർക്ക് റെക്കഗ്നിഷൻ കൊടുക്കുന്നത്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ

തീർച്ചയായും ഗവൺമെന്റിന്റേതായ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഈ കാര്യങ്ങൾ പരിശോധി ക്കുന്നതാണ്. അതിനുവേണ്ട നടപടികൾ ഗവൺമെന്റ് പരിശോധിച്ചതിനുശേഷം സ്വീകരിക്കുന്നതായിരിക്കും.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, എറണാകുളം മെഡിക്കൽ കോളേജിൽ 350 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യ എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ എത്രയെണ്ണമാണ് പെർമനന്റ് പോസ്റ്റുകൾ, എത്രയാണ് താൽക്കാലിക പോസ്റ്റുകൾ? എറണാകുളം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഉടങ്ങാൻ തറക്കല്ലിട്ടു. ഇവിടെ ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഉൾപ്പെടെയുള്ള ആളുകൾ സബ്മിഷൻകൊണ്ടുവന്നതാണ്. ആ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഉടങ്ങുന്നതിനുവേണ്ടിയുള്ള എന്ത് നടപടിയാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്, ഈ വർഷംതന്നെ അത് ഉടങ്ങാൻ സാധിക്കുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, എറണാകുളം മെഡിക്കൽ കോളേജിന്റെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. 350 പോസ്റ്റ് ക്രിയേറ്റ് ചെയ്യ. ബാക്കിയുള്ളവ കോൺടാക്ട് എംപ്ലോയീസും ഡെയിലി വേജസ്സുമാണ്. അതിൽ ആവശ്യമായിട്ടുള്ളത്, റിപ്പോർട്ട് ലഭ്യമായാലുടൻ അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൊച്ചിയിലെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് 450 കോടി രൂപയുടെ പ്രോജക്ടാണ്, അതിനും തറക്കല്ലിട്ടു. സാമ്പത്തിക പ്രശ്നമാണ് ആ സ്ഥാപനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ബുദ്ധിമുട്ടായി നിൽക്കുന്നത്. സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ ആന്വിറ്റി മോഡലിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതിന് തീരുമാന മെടുത്തിട്ടുണ്ട്. അതിന്റെ ഫയൽ ധനകാര്യ വകുപ്പിലാണ്. ചില ക്ലിയറൻസ് ധനകാര്യ വകുപ്പ് ചോദിച്ചിട്ടുണ്ട്. ക്ലിയറൻസ് ലഭ്യമായാലുടൻ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും. ആന്വിറ്റി മോഡൽ എന്നു പറയുമ്പോൾ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റുതന്നെ, നിർമ്മിക്കുന്ന കമ്പനിക്ക് ഉക കൊടുക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ കൊച്ചിയിലെ ജില്ലാ സഹകരണ ബാങ്ക് ലോൺ തരാമെന്ന് പറഞ്ഞിട്ടുണ്ട്. അവർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. അവരുമായി ബന്ധപ്പെടുന്നുണ്ട്, ലഭ്യമായാൽ അവിടെനിന്നും ലോൺ സ്വീകരിക്കുന്ന തിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. ഗവൺമെന്റ് ഓരോ വർഷവും ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ ഉക അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, അങ്ങ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും ധാരാളം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വിശദീകരിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരാഴ്ച മുമ്പ് ഞാൻ പോയപ്പോൾ അവിടെ 16 ലിഫ്റ്റുണ്ട്, ആ 16 എണ്ണവും വർക്കു ചെയ്യുന്നില്ല. അവിടെ കടിവെള്ളം കിട്ടുന്നില്ല. പ്രാഥമിക സൗകര്യങ്ങൾപോലും അവിടെ ലഭിക്കുന്നില്ല. അവിടെ സമരം ആരംഭിക്കുവാൻ പോകുകയാണ്, വിവിധ സംഘടനകൾ സമരത്തിലാണ്. പ്രാഥമിക സൗകര്യങ്ങൾ പോലും നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ പൂർത്തീകരിക്കാതെയും വീഴ്ചവന്ന കാര്യങ്ങൾ പരിഹരിക്കാതെയും മുന്നോട്ട് പോയിട്ട് എന്താണ് കാര്യം ; തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. അവിടെ ബഹുമാനപ്പെട്ട മെമ്പർ പല കാര്യങ്ങളിലും പങ്കെടുത്തതാണ്. ഇത്രയധികം ഭംഗിയായി നടക്കുന്ന ഒരു മെഡിക്കൽ കോളേജ് ഒരു പക്ഷേ കേരളത്തിലുണ്ടാകില്ല. ലിഫ്റ്റുകൾ വർക്കു ചെയ്യുന്നില്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർ എന്നോട് പറയുകയും ഞാനത് അന്വേഷിക്കുകയും ചെയ്തു. അവ റിപ്പയർ ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്, അക്കാര്യം പരിശോധിക്കുന്നുണ്ട്, നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ മറ്റെന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയാൽ അവ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

## അന്യസംസ്ഥാന തൊഴിലാളികൾ

2 (*362) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജു:

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലും ഏതെല്ലാം സംസ്ഥാനങ്ങളിലുള്ളവരാണെന്ന വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകാറുണ്ടോ; എങ്കിൽ തൊഴിൽ കാർഡും ഫോട്ടോയും ഒറിജിനൽ രേഖകളും പോലീസ് സ്റ്റേഷനിൽ ഹാജരാക്കണമെന്ന വ്യവസ്ഥയുണ്ടോ;